(എ) കേരളത്തിൽ പുതുതായി പ്ലസ് ടൂ അനുവദിക്കുന്ന സ്കൂളുകളിൽ നിയമനങ്ങൾക്ക് അദ്ധ്യാപകർക്ക് സംവരണം അനുവദിച്ചതുപോലെ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിശ്ചിത യോഗ്യതയുള്ള ജീവനക്കാർക്കും പ്ലസ് ടൂ സ്കൂളുകളിലെ നിയമനത്തിൽ സംവരണം നൽകുമോ;

(ബി) അങ്ങനെയെങ്കിൽ വരുന്ന അദ്ധ്യയന വർഷം മുതൽ തന്നെ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്ലസ് ടൂ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഇങ്ങനെയൊരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. സുപ്രീംകോടതിയിൽ നിന്നുള്ള സ്റ്റേ പിൻവലിക്കുന്ന മുറയ്ക്ക് സ്പെഷ്യൽ റൂൾസിന് അന്തിമ രൂപം നൽകുന്നതാണ്.

61 (2439) പ്ലസ് ടൂ സീറ്റുകളുടെ കുറവ് പരിഹരിക്കാൻ നടപടി

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എത്ര കോളേജുകളിൽ ഈ വർഷം പ്രീഡിഗ്രി ബാച്ചുകൾ നിർത്തലാക്കിയിട്ടുണ്ട്; കോളേജുകളുടെ പേരും ബാച്ചുകളുടെ വിശദാംശങ്ങളും അറിയിക്കുമോ;

(ബി) ഇതുമൂലം പ്രീഡിഗ്രി തലത്തിൽ എത്ര സീറ്റുകുറഞ്ഞു;

(സി) ജില്ലയിൽ ഇപ്പോൾ എത്ര സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് നിലവിലുണ്ട്; ഇവിടെയെല്ലാം കൂടി എത്ര സീറ്റുകൾ ഉണ്ട്;

(ഡി) തൃശ്ശൂർ പട്ടണത്തിൽ നിന്നും എസ്.എസ്.എൽ.സി വിജയിച്ച വിദ്യാർത്ഥികൾക്ക് പ്രീഡിഗ്രിക്ക് ചേരുന്നതിനോ പ്ലസ് ടൂ കോഴ്സിന് ചേരുന്നതിനോ ഉള്ള സീറ്റുകൾ ഇപ്പോഴില്ലെന്ന സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) തൃശ്ശൂരിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നും ഉയർന്ന വിജയശതമാനം നേടിയ കുട്ടികൾക്ക് ഉന്നത പഠനത്തിന് അവസരം കിട്ടിയില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിന് അടിയന്തിര പരിഹാരം ഉണ്ടാക്കുമോ?

ഉത്തരം

(എ)	കോളേജിന്റെ പേര്	ഗ്രൂപ്പ്	ബാച്ച് എണ്ണം
1.	ഗവ. കോളേജ് പുല്ലൂറ്റ്	3	1
2.	ഗവ. കോളേജ്, തൃശ്ശൂർ	3	1
3.	ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട	1	1
4.	എസ്.എൻ. കോളേജ്, നാട്ടിക	2	1

LIBRARY ARCHIVES Kerala Legislative Assembly

5.	സെന്റ്മേരിസ് കോളേജ് തൃശ്ശൂർ	3	1
6.	സെന്റ് തോമസ് കോളേജ്	3	1
7.	എസ്.കെ.വി. കോളേജ് തൃശ്ശൂർ	3	1
8.	ശ്രീകൃഷ്ണ കോളേജ് ഗുരുവായൂർ	3	1
9.	ശ്രീ വ്യാസ എൻ.എസ്.എസ് കോളേജ് വടക്കാഞ്ചേരി	3	1

(ബി) 720 സീറ്റുകൾ കുറഞ്ഞു.

(സി) തൃശ്ശൂർ ജില്ലയിൽ 44 സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് നിലവിലുണ്ട്. ഇവയിലെല്ലാം കൂടി 6800 സീറ്റുകളുണ്ട്.

(ഡി) എസ്.എസ്.എൽ.സി വിജയിച്ച വിദ്യാർത്ഥികൾക്ക് മതിയായ സീറ്റുകൾ പ്ലസ് ടു വിൽ ഉണ്ട്.

(ഇ) ഇല്ല

(എഫ്) ഉദിക്കുന്നില്ല.

62 (2440) പുതിയ സാങ്കേതിക കോളേജുകൾ

ശ്രീ. കെ. ബാബു :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി സ്ഥാപിക്കുന്ന സാങ്കേതിക കോളേജുകളിൽ എന്തെല്ലാം വിഷയങ്ങളാണ് പഠിപ്പിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇവയിൽ ഓരോന്നിലും എത്ര സീറ്റുകൾ വീതം അനുവദിക്കാനുദ്ദേശിക്കുന്നു എന്നറിയിക്കുമോ;

(സി) ഈ കോളേജിലേക്ക് പ്രവേശനത്തിനുള്ള മാനദണ്ഡമെന്താണ്;

(ഡി) ഈ കോളേജുകളിലെ ഫീസ് നിരക്ക് എത്ര വീതമായിരിക്കും;

(ഇ) ഇവിടെ പഠിക്കുന്ന കുട്ടികളിൽ നിന്ന് കൂടുതൽ ഫീസ് ഈടാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) പുതുതായി സ്ഥാപിക്കുന്ന സാങ്കേതിക കോളേജുകളിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, അപ്ലൈഡ് ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ, ഇലക്ട്രോണിക്സ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ വിഷയങ്ങളാണ് പഠിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) ഓരോ വിഷയത്തിനും ഓരോ കോളേജിലും 60 സീറ്റുകൾ വീതമാണ് അനുവദിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly